പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4135 — 26.06.2013 ന് മറുപടിയ്ക്ക്

## പ്ലേസ്മെന്റ് പോർട്ടൽ വഴി തൊഴിലവസരങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. എം.പി. വിൻസെന്റ് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) പ്ലേസ്മെന്റ് പോർട്ടൽ വഴി തൊഴിലവസരങ്ങൾ കണ്ടെത്തുന്ന പദ്ധതി ഐ.ടി.ഐ.കളിൽ നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) നടപ്പിലാക്കിയിട്ടുണ്ട്. www.skilljobs.kerala.gov.in എന്ന ജോബ് പോർട്ടൽ വ്യാവസായിക പരിശീലന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിലവിൽ വന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) www.skilljobs.kerala.gov.in എന്ന വെബ് അഡ്രസ്സിൽ രജിസ്റ്റർ ചെയ്യുന്നവരുടെ വിവരങ്ങൾ തൊഴിൽദായകർക്ക് സൗകര്യപ്രദമായ രീതിയിൽ ലഭ്യമാക്കുന്ന തരത്തിലാണ് ജോബ് പോർട്ടൽ സംവിധാനം ചെയ്തിട്ടുള്ളത്. സ്കിൽ പരിശീലനം നേടിയവർക്ക് അവരവരുടെ സ്കിൽസിന് അനുയോജ്യമായ തരത്തിലുള്ള തൊഴിൽ നേടുന്നതിന് അവസരം ഒരുക്കുക വഴി കേരളത്തിലെ തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണുന്നതിന് ഈ പദ്ധതി സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; | (സി) www.skilljobs.kerala.gov.in എന്ന അഡ്രസ്സിൽ പരിചയ സമ്പന്നരായ ഏത് ഐ.ടി.ഐ. സർട്ടിഫിക്കറ്റുകാർക്കും സൗജന്യമായി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കാലാകാലങ്ങളിൽ ഇവർ ആർജ്ജിക്കുന്ന ഉയർന്ന അധിക സ്കിൽ/വിദ്യാഭ്യാസ യോഗ്യതകളും ഇതിനോടൊപ്പം കൂട്ടിച്ചേർക്കുന്നതിനുള്ള അവസരവും ഉണ്ട്. തൊഴിൽ ദാതാക്കൾക്കും ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്യുവാനും അവരുടെ സ്കിൽ ആവശ്യകത വ്യക്തമാക്കുവാനും സംവിധാനമുണ്ട്. |
| (ഡി) സംസ്ഥാനത്തെ എല്ലാ ഐ.ടി.ഐ.-കളിലും ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുമോ? | (ഡി) ഈ പദ്ധതി ഓരോ ഐ.ടി.ഐ.യിലും പ്രത്യേകം നടപ്പിലാക്കേണ്ട ആവശ്യമില്ല. കമ്പ്യൂട്ടറും, ഇന്റർനെറ്റ് സൗകര്യവും ലഭ്യമായ എവിടെ നിന്നും ഈ പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതും തൊഴിൽ വിവരം അറിയാവുന്നതുമാണ്. എല്ലാ ഐ.ടി.ഐ. കളിലും ഈ പോർട്ടലിനെപ്പറ്റി അറിവും പ്രചാരവും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ